ഇന്റേണൽ വിജിലൻസ് ഓഫീസർ-3 ഇടുക്കിയുടെ നടപടിക്രമം

(ഹാജർ - ശ്രീ അബ്ദുൾസമദ് പി.എം)

ഉത്തരവ് നമ്പർ - IVO/IDK/KGP/2024-101 തീയതി - 05/02/2024

---

വിഷയം- തദ്ദേശ സ്വയംഭരണ വകുപ്പ്- ഇടുക്കി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത സിറ്റിസൺ അദാലത്ത് സംബന്ധിച്ച്.

പരാമർശം - ബഹു. മുഖ്യമന്ത്രിയുടെ നവകേരളാസദസ്സിൽ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ 7- പൌലോസ്, ഉറവുങ്കൽ എന്നയാൾ സമർപ്പിച്ച പരാതി.

ബഹു. മുഖ്യമന്ത്രിയുടെ നവകേരള സദസ്സിൽ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ 7-ാം വാർഡിൽ പൌലോസ്, ഉറവുങ്കൽ എന്നയാൾ സമർപ്പിച്ച പരാതിയിൽ തീർപ്പ് കൽപ്പിക്കുന്നതിനായി സിറ്റിസൺ അദായത്തിന്റെ സിറ്റിംഗ് 05/02/2024 തിങ്കളാഴ്ച പഞ്ചായത്ത് ഓഫീസിൽ വച്ച്നടത്തി. ടി സിറ്റിംഗിൽ അപേക്ഷകന്റെ ഭാര്യ ലിസ്സി പൌലോസ് ഹാജരായി. ടിയാന് 2012 ൽ ഇ.എം.എസ്സ് ഭവന പദ്ധതിയിൽപ്പെടുത്തി അനുവദിച്ച വീടാണെന്നും അയതിന് നാളിതുവരെ നമ്പർലഭിച്ചിട്ടില്ല എന്നും ബോധിപ്പിച്ചു. തുടർന്ന് ഗ്രാമസേവകനെ വിളിച്ച് അന്വേഷിച്ചതിൽ അപേക്ഷകയുടെ വാദം ശരിയാണെന്നു ബോദ്ധ്യപ്പെട്ടു.

മേൽസാഹചര്യത്തിൽ 2012 ഇ.എം.എസ്സ് ഭവനപദ്ധതിയിൽപ്പെടുത്തി പൌലോസ്, ലിസ്സിപൌലോസ്, ഉറവുങ്കൽ എന്നിവരുടെ പേരിൽ അനുവദിച്ച വീടിന് ഗ്രാമസേവകനിൽനിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റ് വാങ്ങി നമ്പർ അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പി.എം. അബ്ദുൾ സമദ്

ഇന്റേണൽ വിജിലൻസ് ഓഫീസർ -3

ഇടുക്കി

ABDULSAMAD P.M.
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603